(സി) പ്രസ്തുത ഫയർ സ്റ്റേഷന്റെ കെട്ടിടവും മറ്റ് സൗകര്യങ്ങളും എന്നത്തേക്ക് ഏർപ്പെടുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പന്തളത്ത് അഗ്നിശമന രക്ഷാനിലയം അനുവദിച്ചിട്ടില്ല.

(ബി&സി) ഉദിക്കുന്നില്ല.

ജയിൽ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

83(289) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ ജയിൽനിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ജയിലുകളുടെ നവീകരണത്തിനും വികസനത്തിനുമായി എന്തെല്ലാം നടപടികൾ ഈ സർക്കാർ അധികാരമേറ്റശേഷം സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) തടവുകാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ഡി) എല്ലാ ജയിലുകളിലും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുമോ ;

(ഇ) തടവുകാരുടെ വേതനത്തിൽ ഈ സർക്കാർ എന്തുമാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട് : വേതനം കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 14-5-2010 -ലെ 3153/ലെജി.ബി1/2010/നിയമം നമ്പർ വിജ്ഞാപനം പ്രകാരം "കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് (മാനേജ്മെന്റ്) ആക്ട് 2010" അസാധാരണ ഗസ്റ്റ് ആയി പ്രസിദ്ധപ്പെടുത്തി. പ്രസ്തുത ആക്ടിന്റെ 1-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം 1-1-2011-ലെ 90536/ബി1/2010/ആഭ്യന്തരം നമ്പരായി കേരള സർക്കാർ 2011 ജനുവരി 1-ാം തീയതി പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വരുന്നതായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്തുത പ്രിസൺ ആക്ട് അനുസരിച്ച് ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജയിലുകളുടെ നവീകരണത്തിനും വികസനത്തിനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിനും താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 4 വർഷംകൊണ്ട് 9 പുതിയ ജയിലുകൾ സ്ഥാപിക്കുകയും നിർത്തലാക്കപ്പെട്ടിരുന്ന മാനന്തവാടി സബ്ജയിലിലും തൃക്കാക്കര ബോർസ്റ്റൽ സ്കൂളും പുനരാരംഭിക്കുകയും ചെയ്തു. ഇതു കൂടാതെ നിലവിലുള്ള ജയിലുകളിൽ പുതിയ കെട്ടിടങ്ങളും ബാരക്കുകളും നിർമ്മിച്ചു.

2. ജയിലുകളെ കമ്പ്യൂട്ടർ യുഗത്തിലേക്ക് കൊണ്ടുവന്നു. എല്ലാ ജയിലുകളിലും ഇന്റർനെറ്റ് സംവിധാനം ഏർപ്പാടാക്കി. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകളിലെ എല്ലാ ജയിലുകളേയും കോടതികളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പാടാക്കി. ഈ വർഷം കണ്ണൂർ ജില്ലയിലെ ജയിലുകളേയും കോടതികളേയും വീഡിയോ കോൺഫറൻസിംഗ് സംവിധാനം മുഖേന ബന്ധിപ്പിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

3. തിരുവനന്തപുരം, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിൽ സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തി. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ജാമർ സ്ഥാപിക്കുകയും തദ്ദ്വാരതടവുകാർക്ക് സാമൂഹ്യവിരുദ്ധരുമായുള്ള ബന്ധം ജയിലിനകത്ത് തടയുകയും ചെയ്തു.

4. തടവുകാരുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ജയിലുകളിൽ തടവുകാർക്കായി കലാ-കായിക മത്സരങ്ങൾ ഏർപ്പെടുത്തുകയും ജയിൽ ദിനാഘോഷം സംഘടിപ്പിക്കുകയും ചെയ്തു.

5. ജയിൽ വകുപ്പിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിച്ചു.

6. ജയിൽ ഉദ്യോഗസ്ഥർക്ക് അടിസ്ഥാന പരിശീലനം നൽകുന്നതിനായുള്ള സിക്കായുടെ രണ്ട് എക്സ്റ്റൻഷൻ സെന്ററുകൾ കണ്ണൂർ, വിയ്യൂർ എന്നീ സെൻട്രൽ ജയിലുകളെ കേന്ദ്രീകരിച്ച് ആരംഭിച്ചു. ആയതിനാൽ ഒരേ സമയം 180 പേർക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യമുണ്ടായി.

7. കേരളത്തിലെ ആദ്യത്തെ സമഗ്രമായ കേരള പ്രിസൺ ആക്ട് 2010 പാസ്സാക്കി.

8. ജയിൽ സ്പെഷ്യൽ റൂൾ കാലോചിതമായി പരിഷ്കരിച്ചു.

(സി) തടവുകാരുടെ ആഹാരം മെച്ചപ്പെടുത്തി. അവരുടെ വേതനം പരിഷ്കരിച്ചു. തുറന്ന ജയിലുകളിലും വനിതാ ജയിലുകളിലും മുഴുവൻ തടവുകാർക്കും കിടക്കുവാൻ കട്ടിൽ നൽകി. തടവുകാർക്ക് അവരുടെ വീട്ടുകാരുമായി ബന്ധപ്പെടുന്നതിന് കോയിൻബോക്സ് ഫോൺ സൗകര്യം ഏർപ്പെടുത്തി. എല്ലാ ബാരക്കുകളിലും ടെലിവിഷൻ സ്ഥാപിച്ചു. എല്ലാ തടവുകാർക്കും എഫ്. എം. റേഡിയോ സൂക്ഷിക്കുന്നതിനുള്ള അവസരം ഉണ്ടാക്കി. കൂടിക്കാഴ്ചയ്ക്കുള്ള സൗകര്യം ഉദാരമാക്കി. കോടതിയിൽ പോകുന്ന തടവുകാരുടെ ബത്ത വർദ്ധിപ്പിച്ചു. പരോൾ വ്യവസ്ഥ ഉദാരമാക്കി കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

പോകുന്ന തടവുകാരുടെ ബത്ത വർദ്ധിപ്പിച്ചു. പരോൾ വ്യവസ്ഥ ഉദാരമാക്കി ജയിലുകളിലെ ലൈബ്രറികൾ വിപുലപ്പെടുത്തി. തടവുകാർക്ക് വിവിധ കോഴ്സുകൾ, ട്രേഡുകൾ,കമ്പ്യൂട്ടർ എന്നിവ പഠിയ്ക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കി. ജയിലുകളിൽ പാചകവാതക സൗകര്യം ഏർപ്പാടാക്കി.

(ഡി) ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു

(ഇ) തുറന്ന ജയിലുകളിലെ വേതനം അധിക ജോലിയുൾപ്പെടെ 51 രൂപയായിരുന്നത് 117 രൂപയായി വർദ്ധിപ്പിച്ചു. മറ്റ് ജയിലുകളിലെ കുറഞ്ഞ വേതനം 13 രൂപയായിരുന്നത് 30 രൂപയായി വർദ്ധിപ്പിച്ചു. കാലാനുസൃതമായി വേതനം പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ജയിലുകളുടെ സുരക്ഷ ശക്തമാക്കുവാൻ നടപടികൾ

84(290) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പൂജപ്പുര സെൻട്രൽ ജയിൽ വളപ്പിനു ചുറ്റുമായി സുശക്തമായ ജയിൽ ഭിത്തി കെട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് കൊടുംകുറ്റവാളികൾ, തീവ്രവാദക്കേസിലെ പ്രതികൾ തുടങ്ങിയവരെ പാർപ്പിക്കുന്നതിനായി ഒരു അതീവ സുരക്ഷാ ജയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) സംസ്ഥാനത്തെ എല്ലാ പ്രമുഖ ജയിലുകളിലും സി.സി.റ്റി.വി., മൊബൈൽ ജാമർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ഇ) ജയിലുകളിൽ പരിശീലനം ലഭിച്ച വാർഡർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളുടെ സുരക്ഷ ശക്തമാക്കുന്നതിനായി സൂക്ഷ്മ നിരീക്ഷണ ക്യാമറകൾ തിരുവനന്തപുരം സെൻട്രൽ ജയിലിലും കണ്ണൂർ സെൻട്രൽ ജയിലിലും സ്ഥാപിച്ചു. കണ്ണൂർ സെൻട്രൽ ജയിലിൽ മൊബൈൽ ഫോൺ ജാമറുകൾ സ്ഥാപിച്ചു. ജയിലുകളും കോടതികളും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പിലാക്കി വരുന്നു. പ്രസ്തുത സംവിധാനം വഴി കോടതികളിൽ കൊണ്ടുപോകുമ്പോൾ പ്രതികളുടെ രക്ഷപ്പെടൽ, ജയിലിലേക്ക് നിരോധിത സാധനങ്ങൾ കടത്തുന്നതിനുള്ള സാഹചര്യങ്ങൾ ഇവ ഗണ്യമായി കുറഞ്ഞു. മൂന്ന് സെൻട്രൽ ജയിലുകളിലും പെരിഫെറൽ സെക്യൂരിറ്റിയ്ക്കായി പോലീസ് സേനയെ നിയോഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly